**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2560** **12-12-2022 - ൽ മറുപടിയ്ക്ക്**

**സിവിൽ എക്സൈസ് ഓഫീസർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | എക്സൈസ് വകുപ്പിൽ എത്ര ഉദ്യോഗസ്ഥർ 2015-ലെ സ്പെഷ്യൽ റൂൾ ഭേദഗതിക്കുശേഷം വകുപ്പുതല പരീക്ഷകൾ പാസ്സാകാതെ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ നിന്നും പ്രിവന്റീവ് ഓഫീസർ തസ്തികയിലേയ്ക്ക് പ്രമോഷൻ നേടിയിട്ടുണ്ട്; അറിയിക്കുമോ; | (എ) | എക്സൈസ് വകുപ്പിൽ 2015 ലെ സ്പെഷ്യൽ റൂൾ ഭേദഗതിക്ക് ശേഷം വകുപ്പുതല യോഗ്യതാ പരീക്ഷകൾ വിജയിക്കാത്ത 71 പേർക്ക് പ്രിവന്റീവ് ഓഫീസർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. |
| (ബി) | മാൻഡേറ്ററിയായ വകുപ്പുതല പരിക്ഷകൾ പാസ്സാകാതെ സിവിൽ എക്സൈസ് ഓഫീസർ തസ്തകയിൽ നിന്നും പ്രിവന്റീവ് ഓഫീസറായി പ്രമോഷൻ നേടിയ ഉദ്യോഗസ്ഥരെ റിവർട്ട് ചെയ്യുവാൻ നിയമ തടസ്സമുണ്ടോ; ഇത് സംബന്ധിച്ച് കേസ്സുകളോ സ്റ്റേയോ നിലവിലുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ; | (ബി) | യോഗ്യതാ പരീക്ഷകൾ വിജയിക്കാതെ സ്ഥാനക്കയറ്റം നേടിയ ജീവനക്കാരെ തരംതാഴ്ത്തുന്നതിനെതിരെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ വിവിധ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും, ചില കേസുകളിൽ കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി വിഷയത്തിൽ സ്റ്റേ ഉത്തരവ് ലഭിച്ച ജീവനക്കാരെ തരംതാഴ്ത്തുന്നത് സ്റ്റേ ഒഴിവാക്കുന്ന മുറക്കോ കോടതിയുടെ അന്തിമ ഉത്തരവിന് വിധേയമായോ ആയിരിക്കുന്നതാണ്. |
| (സി) | കേസ്സുകളോ സ്റ്റേയോ ഒഴിവാക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്റ്റേയുണ്ടെങ്കിൽ എത്ര വർഷമായി സ്റ്റേ ഉത്തരവായിട്ട് എന്ന് വ്യക്തമാക്കാമോ; | (സി) | യോഗ്യതാ പരീക്ഷകൾ വിജയിക്കാതെ സ്ഥാനക്കയറ്റം നേടിയ ജീവനക്കാരെ തരംതാഴ്ത്തുന്നതിനെതിരെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ വിവിധ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും, ചില കേസുകളിൽ കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി വിഷയത്തിൽ നിലവിൽ നിലനിൽക്കുന്ന സ്റ്റേ ഉത്തരവുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്റ്റേ ഉത്തരവുകൾ ഒരു വർഷം മുതൽ രണ്ട് വർഷം വരെയായി നിലനിൽക്കുന്നു. |
| (ഡി) | വകുപ്പുതല പരീക്ഷകൾ പാസ്സാകാത്ത എക്സൈസ് ഉദ്യോഗസ്ഥർ എടുത്ത സെഷൻസ് കേസ്സുകൾക്ക് കോടതിയിൽ നിയമ സാധുതയുണ്ടോയെന്ന് അറിയിക്കുമോ? | (ഡി) | അബ്കാരി നിയമ പ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥർ എടുക്കുന്ന കേസുകൾക്ക് നിയമസാധുതയുള്ളതാണ്. |

സെക്ഷൻ ഓഫീസർ